# THE VOICE

## CSI CHRIST CHURCH
## KODUKULANJI

**MARCH 2021**



## 2021-ലെ കുറിവാക്യം

**ഇതാ, ഞാൻ രോഗശാന്തിയും ആരോഗ്യവും വരുത്തി അവരെ സൌഖ്യമാക്കുകയും സമാധാനത്തിന്റെയും സത്യത്തിന്റെയും സമൃദ്ധി അവർക്ക് വെളിപ്പെടുത്തുകയും ചെയ്യും** *(യിരെ. 33:6)*

website : www. csichristchurch.net

## Vicar



Rev. Nebu Skariah
Christ Church Parsonage
Kodukulanji P.O
Chengannur - 689 508
Phone : 0479 2369223
Mob. 8310724715

## Senior Presbyters

| | |
|---|---|
| Rev. Chandy Jose | 2369960 |
| Rev. Abraham Kuruvilla | 9497686517 |
| Rev. Dr. M.P. Joseph | 9539335580 |

## Church Wardens

| | |
|---|---|
| Mr. Ninan Oommen | 9495538212 |
| Mr. Joseph K. John | 9447597521 |

## Church Committee Secretary

| | |
|---|---|
| Mr. M. N. Chandy | 9847664867 |

## Church Committee Members

| | |
|---|---|
| Mr. John V. Kurien (Internal Auditor) | 9496330993 |
| Mr. Roy Varghese Mathew | 9048403345 |
| Mr. P.J. Idicula | 8078849048 |
| Mr. John Mathew | 9947711430 |
| Mr. Reji Oommen | 7306576267 |
| Mrs. Cicily Alexander | 9447438675 |
| Mrs. Elsa Thomas | 9446629780 |
| Mrs. Aleyamma Varghese | 9497336998 |
| Ms. Jeffy Elisa John | 7561866831 |
| Mr. Ajeesh Mammen | 9947799022 |

## Diocesan Council Members

| | |
|---|---|
| Mr. Cherian George | 9446715171 |
| Mrs. Helen Mathew | 8281304128 |
| Mr. Shibu Ninan | 8547074707 |
| Mr. Roy Thomas Cherian | 8086656201 |
| Ms. Jessy Cherian | 9446629322 |

## Voice Co-ordinator

| | |
|---|---|
| Mr. Cherian George | 9446715171 |

## Church Sextons

| | |
|---|---|
| Mr. M.M. Mathai | 9447949024 |
| Mr. D.K. Thomas | 8547283822 |

# THE VOICE

## March 2021

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | 31 | | | |

**E-mail**

kodukulanji.csi.christ.church
@gmail.com

**YouTube Channel**

https://www.youtube.com/c/
CSIChristChurchKodukulanjiKerala

**Facebook**

CSI Christ Church Kodukulanji

## ഇടവകപ്പട്ടക്കാരന്റെ കത്ത്

കർത്താവിൽ പ്രീയരെ,

കുരിശ് അർത്ഥം വഹിക്കുന്ന ചിഹ്നമാണ്. ക്രിസ്തീയ വിശ്വാസത്തിൽ ഇന്ന് കുരിശ് അതിന്റെ മൗലിക അർത്ഥം വ്യക്തമാക്കുന്ന ചിഹ്നമാണോ, അതോ ഒരു വിഗ്രഹം ആണോ? കുരിശിന്റെ അർത്ഥം എങ്ങനെ വ്യാഖ്യാനിക്കാം?

### a. ദൈവസ്നേഹത്തിന്റെ പ്രകാശനം

"മനുഷ്യരാശിയുടെ രക്ഷയ്ക്കായും ലോകത്തിൽ ദൈവ രാജ്യത്തിന്റെ സ്ഥാപനത്തിനായും സ്വയം മറന്ന്, സ്വയം ത്യജിച്ച് പ്രവർത്തിക്കുന്ന ദൈവത്തിന്റെ സ്വയം പ്രകാശനമാണ് ക്രൂശ്."

(ഡോ. എം.എം. തോമസ്)

"നാം പാപികളായിരിക്കുമ്പോൾ തന്നെ ക്രിസ്തു നമുക്കു വേണ്ടി മരിച്ചു. അങ്ങനെ ദൈവം തനിക്കു നമ്മോടുള്ള സ്നേഹം വെളിപ്പെടുത്തുന്നു." (റോമർ 5:8)

മനുഷ്യരുടെ സ്നേഹം, സ്നേഹിക്കുവാനർഹരായവരെ സ്നേഹിക്കുന്നതിൽ പരിമിതപ്പെട്ടിരിക്കുമ്പോൾ വ്യവസ്ഥകൾ ഒന്നും കൂടാതെ ദൈവം മനുഷ്യനെ സ്നേഹിച്ചു. ഇത് മൂർത്തമായ അനുഭവമാകുന്നത് സ്വയം മറ്റുള്ളവർക്കായി നൽകുമ്പോഴും ചെലവിടുമ്പോഴുമാണ്. ക്രൂശിലെ സ്നേഹം മുഹൂർത്തമാകേണ്ടത് കാണപ്പെടുന്ന സഹോദരങ്ങളെ സ്നേഹിക്കുന്നതിലൂടെയാണ്. അവന്റെ വേദന സ്വയം ഏറ്റെടുക്കുമ്പോഴാണ്.

### b. മനുഷ്യജീവിതത്തിലെ തിന്മയുടെ പ്രമാണം

ക്രൂശ് എപ്പോഴും തിന്മയെ തെരഞ്ഞെടുക്കുന്ന മനുഷ്യസ്വാതന്ത്ര്യത്തോടുള്ള പോരാട്ടമാണ്. യേശുവിന്റെ ക്രൂശിനു പിന്നിൽ തിന്മയുടെ ശക്തികളെല്ലാം അണിനിരന്നതായി കാണുന്നു. സ്നേഹത്തെ ക്രൂശിക്കുന്നു, സത്യം ക്രൂശിക്കപ്പെടുന്നു, നീതി നിഷേധിക്കപ്പെടുന്നു, മൂല്യങ്ങൾ തകർക്കപ്പെടുന്നു. ഇത് ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. ഈ തിന്മയുടെ ശക്തി നിലനിൽക്കുന്നിടത്ത് ക്രൂശുമരണം നിരന്തരം നടന്നുകൊണ്ടിരിക്കുന്നു. എന്നാൽ തിന്മയെ പരാജയപ്പെടുത്തുവാൻ ക്രൂശിലെ സ്നേഹത്തിന്റെ മാർഗ്ഗത്തിനേ കഴിയൂ എന്ന യാഥാർത്ഥ്യം മനസിലാക്കി തിന്മയ്ക്കെതിരെ നമുക്ക് പോരാടാം.

## c. ദൈവീക പാപക്ഷമയുടെ പ്രകാശനം

ദൈവം മനുഷ്യരുടെ പാപം ക്ഷമിച്ച് ദൈവത്തോട് അവരെ നിരപ്പാക്കുന്ന മുഖാന്തരമാണ് കുരിശ്. ക്രൂശുമൂലം ദൈവം അതിക്രമങ്ങളൊക്കെയും നമ്മോട് ക്ഷമിച്ചിരിക്കുന്നു (കൊലൊ. 2:14). സ്വയനീതിയിലും സ്വാർത്ഥതയിലും കേന്ദ്രീകൃതമായ ജീവിതം, പാപക്ഷമയിലൂടെ ദൈവസ്നേഹത്തിലും, ദൈവനീതിയിലും വരത്തക്കവണ്ണം രൂപാന്തരപ്പെടും. യേശുവിലുള്ള പുതിയ ജീവിതത്തിന്റെ അടിസ്ഥാനമാണത്. പാപം ബന്ധങ്ങളെല്ലാം തകർത്ത് വികലമാക്കുന്നതുപോലെ പാപക്ഷമ ഈ ബന്ധനങ്ങളെയെല്ലാം രൂപാന്തരപ്പെടുത്തി നവീകരിക്കുന്നു. എല്ലാവരും പാപക്ഷമ പ്രാപിച്ചതിന്റെ അടിസ്ഥാനത്തിൽ പരസ്പരം ക്ഷമിക്കുന്നവരായിരിക്കണം.

## d. കഷ്ടത അനുഭവിക്കുന്നവരോടുള്ള ഐക്യതയുടെ പ്രകാശനം

കുരിശ് കഷ്ടതയുടെ പ്രകാശനം കൂടിയാണ്. കഷ്ടപ്പെടുന്ന ജനത്തോടുള്ള ഐക്യദാർഢ്യം കുരിശ് പ്രഖ്യാപിക്കുന്നു. കുരിശിന്റെ ചിഹ്നം ഇന്ന് അഭിമാനത്തിന്റെയും പദവിയുടേയുമായി തീർന്നു വികലപ്പെട്ടിരിക്കുന്നു. ക്രൂശിൽ ദൈവം മനുഷ്യരുടെ കഷ്ടപ്പാടുകളിൽ പങ്കുചേർന്ന് അവരോടുകൂടെ പീഡിപ്പിക്കപ്പെടുന്ന ചിത്രമാണ് കാണുന്നത്.

## e. വിജയത്തിലേക്കുള്ള ശക്തിയുടെ പ്രകാശനം

യേശുവിന്റെ കുരിശുമരണം കണ്ട് അതൊരുക്കിയവർ പരിഹസിച്ചു (ലൂക്കൊ. 23:25, മർക്കൊ. 15:29-30). പൗലോസ് പറയുന്നത് "കുരിശിന്റെ വചനം നശിച്ചുപോകുന്നവർക്ക് ഭോഷത്വവും രക്ഷിക്കപ്പെടുന്നവർക്ക് ദൈവശക്തിയും ആകുന്നുവെന്നാണ്." ക്രൂശിക്കപ്പെടുവാൻ തന്നെത്താൻ ഏല്പിച്ച ദൈവത്തിന്റെ ശക്തിഹീനതയിൽ, ദൈവസ്നേഹം വെളിവാകുകയും, ആ സ്നേഹോദ്ദേശത്തിൽ ലോകത്തെ പരിവർത്തനത്തിലേക്ക് നയിക്കുകയും ചെയ്യുന്നതാണ് കുരിശിന്റെ വിജയം (കൊലൊ. 2:15ff). മരണത്തിന്റെ എല്ലാ ശക്തിസങ്കേതങ്ങളോടുമുള്ള നിരന്തര പോരാട്ടമാണ് കുരിശ്. ക്രൂശ് പ്രത്യാശയുടെ അടയാളവുമാണ്.

കുരിശിന്റെ അർത്ഥത്തെ ഗ്രഹിച്ച് അർത്ഥവത്തായ ജീവിതം നയിക്കുവാൻ ഈ നോമ്പ് കാലയളവിൽ ദൈവം നമ്മെ സഹായിക്കട്ടെ.

സ്നേഹത്തോടെ

**നെബുഅച്ചൻ**

## വാർത്തകളും കുറിപ്പുകളും

### ചെയിൻ പ്രയർ

പതിവുപോലെ എല്ലാ ബുധനാഴ്ചയും രാവിലെ 7 മണി മുതൽ രാത്രി 7 മണി വരെയും വെള്ളിയാഴ്ച, രാവിലെ 7 മണി മുതൽ രാത്രി 10 മണി വരെയും ചെയിൻ പ്രയർ നടത്തപ്പെടുന്നതാണ്. കുടുംബമായിട്ടോ, വ്യക്തികളായിട്ടോ (15 മിനിട്ട്) ഈ ചെയിൻ പ്രയറിൽ പങ്കുചേരാവുന്നതാണ്.

### ടെലിഫോൺ പ്രാർത്ഥനാ മീറ്റിംഗ്

നോമ്പുകാല പ്രത്യേക പ്രാർത്ഥനകൾ ഉള്ളതിനാൽ ഈസ്റ്ററിനു ശേഷമേ ചൊവ്വാഴ്ചതോറും നടക്കുന്ന ടെലിഫോണിലൂടെയുള്ള പ്രാർത്ഥന ഉണ്ടായിരിക്കുകയുള്ളൂ.

### പൊതു ആരാധന

കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഞായറാഴ്ചകളിലും വിശേഷ ദിനങ്ങളിലും ആരാധനകൾ നടന്നുവരുന്നു. യൂട്യൂബ്, ഫേസ്ബുക്ക് തുടങ്ങിയ നവമാദ്ധ്യമങ്ങളിലൂടെ ലൈവ് സ്ട്രീമിംഗും നടത്തപ്പെടുന്നു. ഗവണ്മെന്റ് നിബന്ധനപ്രകാരമുള്ള പരിമിതമായ എണ്ണം ആളുകൾക്കാണ് ശുശ്രൂഷയിൽ സംബന്ധിക്കുവാൻ സാധിക്കുക. മുൻകൂട്ടി പേരുവിവരം നൽകുന്നത് ആരാധനാക്രമീകരണത്തിന് സഹായകരമാണ്. മാർച്ച് മാസത്തിലും എല്ലാ ഞായറാഴ്ചകളിലും വിശുദ്ധ സംസർഗ്ഗത്തോടുകൂടിയുള്ള ആരാധന നടത്തപ്പെടും. മാർച്ച് 13-ാം തീയതി ശനിയാഴ്ച രാവിലെ 8.00-ന് വിശുദ്ധ സംസർഗ്ഗ ശുശ്രൂഷയോടുകൂടി ആരാധന ഉണ്ടായിരിക്കുന്നതാണ്. പ്രായമുള്ളവർക്കും കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് ഈ ആരാധനയിൽ സംബന്ധിക്കാവുന്നതാണ്. പൊതു ആരാധന, മരണം, വിവാഹം, സ്നാനം തുടങ്ങിയ ശുശ്രൂഷയിൽ സംബന്ധിക്കുന്നവർ നിർബന്ധമായും കോവിഡ് പ്രോട്ടോകോൾ പാലിക്കേണ്ടതാണ്.

## സ്ത്രീജനസഖ്യ ഞായർ / അഖിലലോക പ്രാർത്ഥനാദിനം

മാർച്ച് 1-ാം ഞായറാഴ്ച (മാർച്ച് 7) സ്ത്രീജന ഞായറായി കൊണ്ടാടുന്നതാണ്. സ്ത്രീജനസഖ്യാംഗങ്ങൾ അന്നേദിവസം ആരാധനയ്ക്കു നേതൃത്വം നൽകും. സ്ത്രീജനസഖ്യ ഞായറാഴ്ചത്തെ പ്രത്യേക കവർ എല്ലാ ഭവനങ്ങളിലും എത്തിച്ചത് അന്നേദിവസം സമർപ്പിക്കുമല്ലോ. മാർച്ച് 5-ാം തീയതി വെള്ളിയാഴ്ച അഖിലലോക പ്രാർത്ഥനാദിനത്തിൽ പ്രത്യേക ആരാധന ദൈവാലയത്തിൽവച്ച് നടത്തപ്പെടുന്നതാണ്.

## സ്ത്രീജനസഖ്യ വാർഷികം / തെരഞ്ഞെടുപ്പ്

വി. കന്യക മറിയാമിനോടുള്ള അരുളപ്പാട് ദിനത്തിൽ (2021 മാർച്ച് 25) രാവിലെ 9-ന് വി. സംസർഗ്ഗ ശുശ്രൂഷയോടെ പ്രത്യേക ആരാധന ദൈവാലയത്തിൽ വെച്ച് നടത്തപ്പെടും. അന്നേദിവസം വഞ്ചിക സമർപ്പണവും ഉണ്ടായിരിക്കും. സ്ത്രീജനസഖ്യത്തിന്റെ വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഇതിൽ നിന്നും ലഭ്യമാകുന്ന തുക ഉപയോഗിക്കുന്നതാണ്.

അന്നേദിവസം ആരാധനയ്ക്കു ശേഷം രാവിലെ 10:30-ന്, 2019-20-ലെ സ്ത്രീജനസഖ്യ വാർഷികവും 2020-23 കാലഘട്ടത്തിലേക്കുള്ള കോടുകുളഞ്ഞി സി.എസ്.ഐ. ക്രൈസ്റ്റ് ചർച്ച് സ്ത്രീജനസഖ്യ തെരഞ്ഞെടുപ്പും നടത്തപ്പെടും. സ്ത്രീജനസഖ്യ വോട്ടേഴ്സ് ലിസ്റ്റ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് എല്ലാ സ്ത്രീജന സഖ്യാംഗങ്ങളും, പ്രത്യേക ആരാധനയിലും തുടർന്ന് നടക്കുന്ന വാർഷിക സമ്മേളനത്തിലും തെരഞ്ഞെടുപ്പിലും സംബന്ധിക്കുമല്ലോ.

## ഡയറക്ടറി - വിവര ശേഖരണം

വർഷങ്ങൾക്ക് മുമ്പ് പ്രസിദ്ധീകരിച്ച ഒരു ഡയറക്ടറി മാത്രമാണ് കോടുകുളഞ്ഞി സി.എസ്.ഐ. ക്രൈസ്റ്റ് ചർച്ചിനുള്ളത്. അത് കാലാനുസൃതമായി പരിഷ്ക്കരിക്കുവാനും കഴിഞ്ഞിരുന്നില്ല. നമ്മുടെ സഭയെ സംബന്ധിച്ച് കുടുംബാംഗങ്ങളുടെ ഫോട്ടോയുള്ള ഒരു ഡയറക്ടറി പ്രസിദ്ധീകരിക്കേണ്ടത് വളരെ ആവശ്യമാണ്.

ഏവരുടേയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു. താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ.

1) വിവാഹിതരായി, കുടുംബസ്ഥരായവർ ഓരോ കുടുംബത്തിനും വെവ്വേറെ ഫോം പൂരിപ്പിച്ച് നൽകേണ്ടതാണ്.

2) കുടുംബനാഥന്റെ (Head of the family) അടുത്ത ബന്ധുക്കളായ സഭാംഗങ്ങൾ ഉണ്ടെങ്കിൽ (അതായത് മാതാപിതാക്കന്മാർ, മക്കൾ, സഹോദരങ്ങൾ) ആ ഭവനത്തിലെ കുടുംബനാഥനുമായുള്ള ബന്ധം രേഖപ്പെടുത്തുവാനുള്ള കോളവും ഉണ്ടായിരിക്കും.

3) ഫോമിനോടൊപ്പം കുടുംബഫോട്ടോയും (ഏറ്റവും പുതിയത്) നൽകണം. ആർക്കെങ്കിലും കടുംബ ഫോട്ടോ ഇല്ലെങ്കിൽ സഭയിൽ നിന്നും ഫോട്ടോ എടുക്കുവാൻ ക്രമീകരണം ചെയ്യുന്നതാണ്.

4) പൂരിപ്പിച്ച അപേക്ഷാഫോറം ഏപ്രിൽ 10-ന് മുൻപായി തിരികെ ഏൽപ്പിക്കേണ്ടതാണ്. ഫോമുകൾ പൂരിപ്പിക്കുവാൻ സഹായം ആവശ്യമുള്ളവർ അതതു ഭാഗത്തുള്ള പ്രാർത്ഥനാ ഭാഗം ലീഡേഴ്സിനേയോ കമ്മറ്റി അംഗങ്ങളേയോ ബന്ധപ്പെടാവുന്നതാണ്.

5) പൂരിപ്പിച്ച ഫോമുകൾ, ഫോട്ടോസഹിതം ചർച്ച് ഓഫീസിലോ, അതതു ഭാഗത്തുള്ള കമ്മറ്റി അംഗങ്ങളേയോ, പ്രാർത്ഥനാഭാഗം ലീഡേഴ്സിനേയോ ഏല്പിക്കാവുന്നതാണ്. പി.ഡി.എഫ്. ഫയലുകൾ kodukulanji.csi.christ.church@gmail.com എന്ന ഇ-മെയിലിൽ അയക്കാവുന്നതാണ്.

6) അപേക്ഷാഫോറം വ്യക്തമായും പൂർണ്ണമായും പൂരിപ്പിച്ച് നൽകണം.

7) ഡയറക്ടറിയിലെ വിവരങ്ങൾ സർട്ടിഫിക്കറ്റും മറ്റും നൽകുന്നതിനുള്ള ഔദ്യോഗിക രേഖയായി പരിഗണിക്കുന്നതല്ല. ചർച്ച് ഓഫീസ് ആവശ്യങ്ങൾക്കും, ഇടയപരിപാലന ശുശ്രൂഷയ്ക്കും അംഗങ്ങളുമായി ബന്ധപ്പെടുന്നതിനും അന്യോന്യമുള്ള കൂട്ടായ്മ ബന്ധത്തിനും ഡയറക്ടറി ഉപകരിക്കപ്പെടണം.

8) പ്രിയപ്പെട്ടവരുടെ ഓർമ്മയ്ക്കും മറ്റുമായി ഡയറക്ടറിയിലെ പേജുകൾ സ്പോൺസർ ചെയ്യുവാൻ താല്പര്യപ്പെടുന്നുവെങ്കിൽ പ്രസ്തുത വിവരം ഓഫീസിൽ അറിയിക്കേണ്ടതാണ്. തുകയും മറ്റ് നിബന്ധനകളും പുറകാലെ അറിയിക്കുന്നതാണ്.

9) ഫോമിനോടൊപ്പം നൽകുന്ന ഫോട്ടോയിലും അനുബന്ധ രേഖ കളിലും ഫോമിലുള്ള അതേ സീരിയൽ നമ്പർ (Sl. No.) എഴുതേണ്ട താണ്.

## നോമ്പ്/കഷ്ടാനുഭവ ആഴ്ചയിലെ പ്രത്യേക ആരാധനകൾ

ചാമ്പൽ ബുധനാഴ്ചയോടെ വലിയനോമ്പ് കാലത്തേക്കു സഭ പ്രവേശിച്ചുവല്ലോ. ചാമ്പൽ ബുധനാഴ്ച രാവിലെ വി. സംസർഗ്ഗ ശുശ്രൂഷയോടെ ആരാധന നടത്തപ്പെട്ടു. നോമ്പുകാലത്തും കഷ്ടാനുഭവ ആഴ്ചയിലും നടത്തപ്പെടുന്ന ആരാധന ക്രമീകരണങ്ങൾ താഴെ പറയുംവണ്ണം ആയിരിക്കും.

മാർച്ച് 02, ചൊവ്വ - 10.30 a.m. - സ്ത്രീജനസഖ്യ നോമ്പ് പ്രാർത്ഥന

മാർച്ച് 03, ബുധൻ - 06.30 p.m. - നോമ്പ് ആരാധന

മാർച്ച് 09, ചൊവ്വ - 10.30 a.m. - സ്ത്രീജനസഖ്യ നോമ്പ് പ്രാർത്ഥന

മാർച്ച് 10, ബുധൻ - 06.30 p.m. - നോമ്പ് ആരാധന

മാർച്ച് 16, ചൊവ്വ - 10.30 a.m. - സ്ത്രീജനസഖ്യ നോമ്പ് പ്രാർത്ഥന

മാർച്ച് 17, ബുധൻ - 06.30 p.m. - നോമ്പ് ആരാധന

മാർച്ച് 21, ഞായർ - 09.30 a.m. - കഷ്ടാനുഭവ ഞായർ

മാർച്ച് 23, ചൊവ്വ - 10.30 a.m. - സ്ത്രീജനസഖ്യ നോമ്പ് പ്രാർത്ഥന

മാർച്ച് 24, ബുധൻ - 06.30 p.m. - നോമ്പ് ആരാധന

മാർച്ച് 28, ഞായർ - 09.30 a.m. - ഹോശന്നാ ഞായർ

മാർച്ച് 29, തിങ്കൾ - 06.30 p.m. - കഷ്ടാനുഭവ ആഴ്ച പ്രത്യേക ആരാധന

മാർച്ച് 30, ചൊവ്വ - 06.30 p.m. - കഷ്ടാനുഭവ ആഴ്ച പ്രത്യേക ആരാധന

മാർച്ച് 31, ബുധൻ - 06.30 p.m. - കഷ്ടാനുഭവ ആഴ്ച പ്രത്യേക ആരാധന

ഏപ്രിൽ 01, വ്യാഴം - 07.30 a.m.& 06.30 p.m. - പെസഹ വ്യാഴം

ഏപ്രിൽ 02, വെള്ളി - 09.00 a.m. - വലിയ വെള്ളി

ഏപ്രിൽ 03, ശനി - 06.00 p.m. - ഗായകസംഘം പാഷൻ റിസൈറ്റൽ

ഏപ്രിൽ 04, ഞായർ - 05.00 a.m.& 08.00 a.m. - ഉയിർപ്പ് ഞായർ

നോമ്പ് കാലത്ത് സ്വയവർജ്ജനത്തിലൂടെ മാറ്റിവയ്ക്കുന്ന തുക സഭയിൽനിന്നും ലഭ്യമാകുന്ന പ്രത്യേക കവറിലിട്ട് വലിയ വെള്ളിയാഴ്ചയോ ഉയിർപ്പു ഞായറാഴ്ചയോ ദൈവാലയത്തിൽ സമർപ്പിക്കുമല്ലോ. അതിൽ നിന്നും സമാഹരിക്കുന്ന തുക കൊണ്ട് സ്വന്തമായി ഭവനമില്ലാത്ത നമ്മുടെ ഒരു സഭാംഗത്തിന് വീടുവച്ചു കൊടുക്കുവാൻ ആഗ്രഹിക്കുന്നു. എല്ലാവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

## ചർച്ച് കമ്മിറ്റി അംഗങ്ങളുടെ പ്രതിഷ്ഠാ ശുശ്രൂഷ

കോടുകുളഞ്ഞി സി.എസ്.ഐ. ക്രൈസ്റ്റ് ചർച്ചിന്റെ 2020-23 കാലഘട്ടത്തിലേക്കുള്ള പ്രാദേശിക ഭരണസമിതിയിലേക്ക് (ചർച്ച് കമ്മറ്റി) നടന്ന തെരഞ്ഞെടുപ്പിന് മഹായിടവക ബിഷപ്പ് അംഗീകാരം നൽകുകയും അവരുടെ പ്രതിഷ്ഠാ ശുശ്രൂഷ ഫെബ്രുവരി 14-ാം തീയതി ആരാധനാ മദ്ധ്യേ നടത്തപ്പെടുകയും ചെയ്തു.

**കൈക്കാരന്മാർ**

1. ശ്രീ. നൈനാൻ ഉമ്മൻ, തെങ്ങിൽ ഭവൻ
2. ശ്രീ. ജോസഫ് കെ. ജോൺ, കാഞ്ഞിരക്കൽ വടക്കേൽ

**കമ്മിറ്റി അംഗങ്ങൾ**

01. ശ്രീ. റോയി വർഗ്ഗീസ് മാത്യു, തെങ്ങിൽവില്ല
02. ശ്രീ. എം.എൻ. ചാണ്ടി, ആഞ്ഞിലിമൂട്ടിൽ ഷിജിവില്ല
03. ശ്രീ. പി.ജെ. ഇടിക്കുള, പെരുങ്കുഴി സുബിൻവില്ല
04. ശ്രീ. ജോൺ മാത്യു, മണലേൽ പുത്തൻവീട്
05. ശ്രീ. റജി ഉമ്മൻ, പവ്വത്ത് വടക്ക്
06. ശ്രീമതി സിസിലി അലക്സാണ്ടർ, പുതുശ്ശേരിമഠം
07. ശ്രീമതി എൽസ തോമസ്, ചെങ്കൽ മോടിയിൽ
08. ശ്രീമതി ഏലിയാമ്മ വർഗ്ഗീസ്, മണലേൽ വീട്ടിൽ വടക്കേതിൽ

09. ശ്രീ. ജോൺ വി. കുര്യൻ, വടങ്കാഞ്ചേരിൽ
10. മിസ്. ജെഫി എലിസാ ജോൺ, പൂവ്വപ്പള്ളിൽ
11. ശ്രീ. അജീഷ് മാമ്മൻ, പെരുങ്കുഴി കിഴക്കേക്കരയിൽ

ഫെബ്രുവരി 14 ആരാധനയ്ക്കുശേഷം നടത്തപ്പെട്ട ചർച്ചു കമ്മറ്റിയുടെ ആദ്യത്തെ മീറ്റിംഗിൽ താഴെപ്പറയുന്നവരെ തെരഞ്ഞെടുത്തു.

**സെക്രട്ടറി:** ശ്രീ. എം. എൻ. ചാണ്ടി

**ഇന്റേണൽ ഓഡിറ്റർ:** ശ്രീ. ജോൺ വി. കുര്യൻ

**ഇടവക കമ്മിറ്റി:** ശ്രീ. നൈനാൻ ഉമ്മൻ, ശ്രീ. ജോസഫ് കെ. ജോൺ, ശ്രീ. എം. എൻ. ചാണ്ടി, ശ്രീമതി എൽസ തോമസ്, മിസ്. ജെഫി എലിസാ ജോൺ

കൂടാതെ മദ്ധ്യകേരള മഹായിടവക കൗൺസിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർ (2021 ജനുവരി 17ന് നടന്ന തെരഞ്ഞെടുപ്പ്)

01. ശ്രീ. ചെറിയാൻ ജോർജ്ജ്, പെരുങ്കുഴി ഓണമ്പള്ളിൽ
02. ശ്രീമതി ഹെലൻ മാത്യു, ആഞ്ഞിലിവിളയിൽ
ജെ. ആർ. എച്ച്. വില്ല
03. ശ്രീ. ഷിബു നൈനാൻ, തെങ്ങിൽ മലയിൽ
04. ശ്രീ. റോയി തോമസ് ചെറിയാൻ, കുമ്മമ്പുഴ ചരുവിൽ
05. മിസ് ജസി ചെറിയാൻ, ആര്യവിലാസം

ഫെബ്രുവരി 20-ന് ഭരണസമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർക്കായുള്ള പ്രത്യേക റിട്രീറ്റ് നടത്തപ്പെട്ടു. താഴെ പേരു പറയുന്നവരെ പ്രത്യേകമായ ചുമതലകൾ ഏല്പിച്ചു.

**ഡയറക്ടറി സബ് കമ്മിറ്റി:** റവ. നെബു സ്കറിയ, ശ്രീ. നൈനാൻ ഉമ്മൻ, ശ്രീ. ജോസഫ് കെ. ജോൺ, ശ്രീ. എം. എൻ. ചാണ്ടി, ശ്രീ. റോയി തോമസ് ചെറിയാൻ, ശ്രീ. റോയി വർഗ്ഗീസ് മാത്യു, മിസ്. ജെഫി എലിസാ ജോൺ

**കവറുകൾ:** ശ്രീമതി എൽസാ തോമസ്, ശ്രീമതി സിസിലി അലക്സാണ്ടർ

**പ്രോപ്പർട്ടി:** ശ്രീ. നൈനാൻ ഉമ്മൻ, ശ്രീ. ജോസഫ് കെ. ജോൺ

**വോയ്സ് കോർഡിനേറ്റർ:** ശ്രീ. ചെറിയാൻ ജോർജ്ജ്

**കമ്മ്യൂണിക്കേഷൻ:** (വെബ്സൈറ്റ് etc.)
ശ്രീ. ജോൺ വി. കുര്യൻ, മിസ്സ് ജെഫി എലിസാ ജോൺ

**മെയിന്റെനൻസ്:** ശ്രീ. ജോൺ മാത്യു, ശ്രീ. റെജി ഉമ്മൻ,
ശ്രീ. പി. ജെ. ഇടിക്കുള

**മാമ്പ്ര ചാപ്പൽ:** ശ്രീ. ജോസഫ് കെ. ജോൺ

**സംഘടനകൾ:**
ശ്രീമതി സിസിലി അലക്സാണ്ടർ (സ്ത്രീജനസഖ്യം)
ശ്രീ. റോയി തോമസ് ചെറിയാൻ (ഗായകസംഘം)
മിസ്. ജെഫി എലിസാ ജോൺ (യുവജന പ്രസ്ഥാനം)

**ചർച്ച് ബസ്:** ശ്രീ. റോയി വർഗ്ഗീസ് മാത്യു

**ഹോസ്പിറ്റൽ, പകൽ വീട്** etc.
ശ്രീ. നൈനാൻ ഉമ്മൻ, ശ്രീ. ജോസഫ് കെ. ജോൺ,
മിസ് ജസി ചെറിയാൻ

വിവിധ ചുമതലകളിലേക്ക് നിയോഗിക്കപ്പെട്ട എല്ലാവരേയും അഭിനന്ദിക്കുന്നു. പ്രാർത്ഥനാശംസകൾ നേരുന്നു.

## ഗായകസംഘം

ഗായകസംഘത്തിന്റെ റിട്രീറ്റ് ഫെബ്രുവരി 20-ന് വിശുദ്ധ സംസർഗ്ഗ ശുശ്രൂഷയോടെ നടത്തപ്പെട്ടു. റവ. ചാണ്ടി ജോസ്, റവ. നെബു സ്കറിയ, റവ. ഡീ. വെസ്ലി പി. കുരുവിള എന്നിവർ ആരാധനയ്ക്ക് നേതൃത്വം നൽകി. റവ. ഡീ. വെസ്ലി പി. കുരുവിള വചന ശുശ്രൂഷ നിർവ്വഹിക്കുകയും റിട്രീറ്റിന് നേതൃത്വം നൽകുകയും ചെയ്തു. ഗായകസംഘത്തിന്റെ വാർഷികസമ്മേളനവും നടത്തപ്പെട്ടു. ഗായകസംഘ ഭാരവാഹികളേയും കമ്മിറ്റി അംഗങ്ങളെയും അഭിനന്ദിക്കുന്നു. കൃതജ്ഞത അറിയിക്കുന്നു.

കഷ്ടാനുഭവ ആഴ്ചയിൽ ഗായകസംഘത്തിന്റെ ആഭിമുഖ്യത്തിൽ പ്രത്യേക ഗാനശുശ്രൂഷ (Passion recital)ഏപ്രിൽ 3, ശനിയാഴ്ച 6 pm-ന് നടത്തപ്പെടും. റൈറ്റ് റവ. തോമസ് ശമുവേൽ അന്നേ ദിവസം ദൂത് നൽകുന്നതായിരിക്കും. യൂട്യൂബ്, ഫേസ്ബുക്ക് തുടങ്ങിയ മാധ്യമങ്ങളിലൂടെ ലൈവ്സ്ട്രീമിങ്ങും ഉണ്ടായിരിക്കുന്നതാണ്.

## സൺഡേസ്കൂൾ

2020-ലെ സൺഡേസ്കൂൾ പരീക്ഷ (മദ്ധ്യവകുപ്പു മുതൽ യുവവകുപ്പ് വരെ) ഫെബ്രുവരി 14 ഞായറാഴ്ച നടത്തപ്പെട്ടു. മിക്കവാറും എല്ലാ കുട്ടികളും പരീക്ഷയിൽ സംബന്ധിച്ചു.

2021-ലെ സൺഡേസ്കൂൾ പ്രവേശനോൽസവം ഫെബ്രുവരി 21-ന് നടത്തപ്പെട്ടു. സൺഡേസ്കൂൾ ക്ലാസുകൾ ഓൺലൈനായി നടത്തപ്പെടുന്നു. ഈ വർഷത്തെ സൺഡേസ്കൂൾ രജിസ്ട്രേഷൻ ഇതുവരെയും നടത്താത്തവർ ദയവായി അദ്ധ്യാപകരുമായി ബന്ധപ്പെടുമല്ലോ. പുതുതായി സൺഡേസ്കൂളിൽ ചേരുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ മാതാപിതാക്കന്മാർ ചർച്ച് ഓഫീസുമായോ, സൺഡേസ്കൂൾ ഹെഡ്മാസ്റ്ററുമായോ ബന്ധപ്പെടണം.

## പരീക്ഷ എഴുതുന്നവർക്കായുള്ള പ്രാർത്ഥന

10, 12 ക്ലാസ്സുകളിലും മറ്റ് വിവിധ കോഴ്സുകളിലും പരീക്ഷ എഴുതുന്ന, അവസാനവർഷ (Board Exam.) കുട്ടികൾക്കായുള്ള പ്രത്യേക പ്രാർത്ഥന 2021 മാർച്ച് 07, 14 തീയതികളിൽ ആരാധനാ മദ്ധ്യേ നടത്തപ്പെടും. എല്ലാ കുഞ്ഞുങ്ങളെയും പ്രാർത്ഥനയിൽ ഓർക്കാം.

## സാമ്പത്തിക വർഷം

2020-21 സാമ്പത്തികവർഷം മാർച്ച് 31-ന് അവസാനിക്കുന്നു. മാസവരി, ലേലം തുടങ്ങി പ്രാദേശിക സഭാമുതലിലേക്ക് വരേണ്ടുന്ന എല്ലാ തുകകളും കുടിശിഖ വരുത്താതെ മാർച്ച് 31-നു മുമ്പ് തന്നു തീർക്കുവാൻ സഭാജനങ്ങൾ ശ്രദ്ധിക്കുമല്ലോ.

## സ്ഥിരീകരണ ക്ലാസ്സുകൾ

നമ്മുടെ സഭയിലെ സ്ഥിരീകരണ ശുശ്രൂഷ 2021 ജൂൺ മാസത്തിൽ നടത്തുവാനുള്ള ക്രമീകരണം ചെയ്തുവരുന്നു. മാർച്ച് 6, ശനിയാഴ്ച മുതൽ ക്ലാസ്സുകൾ ആരംഭിക്കുന്നു. എല്ലാ ശനി, ഞായർ ദിവസങ്ങളിലും ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതാണ്. അപേക്ഷാഫോറം പൂരിപ്പിച്ച് പേര് രജിസ്ട്രർ ചെയ്തവർ നിർബന്ധമായും ക്ലാസ്സുകളിൽ സംബന്ധിക്കേണ്ടതാണ്. ഹാജർ നിർബ്ബന്ധമായിരിക്കും. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചാണ് ക്ലാസ്സുകളിൽ സംബന്ധിക്കേണ്ടത്. ഓൺലൈനായും ക്ലാസ്സ് ക്രമീകരിക്കുവാൻ ആഗ്രഹിക്കുന്നു. കുതിരവട്ടം സഭയിലെ ഉൾപ്പെടെ 40-പേർ ഇതുവരേയും രജിസ്ട്രേഷൻ നടത്തുകയുണ്ടായി. എല്ലാവരേയും പ്രാർത്ഥനയിൽ ഓർക്കേണമേ.

## വിവാഹം

നമ്മുടെ സഭാംഗം പെരളച്ചിത്ര റോയൽ ഓർക്കിഡ് തരുൺ ജോസഫും മുളക്കുഴ സന്തോഷ് വില്ല രമ്യ സി. ജോസ്സും 2021 ഫെബ്രുവരി 27-ന് വിവാഹിതരായി.

*ഇവരുടെ കുടുംബജീവിതത്തെ ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രർത്ഥിക്കുന്നു.*

## പാരിഷ്ഹാൾ പെയിന്റിംഗ്

പാരിഷ്ഹാളിന്റെ ഉൾവശം വളരെ മനോഹരമായി പെയിന്റ് ചെയ്തുതന്ന പെരളച്ചിത്ര റോയൽ ഓർക്കിഡ് ഡോ. ജോസഫ് ജോണിനോടും കുടുംബത്തോടുമുള്ള ഹൃദയംഗമായ നന്ദി സഭയുടെ പേരിൽ അറിയിക്കട്ടെ.

## അനുശോചനം



1. വാലേത്ത് കിഴക്ക് തകിടിയിൽ ശ്രീമതി എൽസി വർഗ്ഗീസ് (65 വയസ്) ഫെബ്രുവരി 3-ന് നിര്യാതയായി. ശവസംസ്ക്കാര ശുശ്രൂഷ ഫെബ്രുവരി 11-ന് നടത്തപ്പെട്ടു.



2. ചേനത്ര ജീസ് വില്ല ശ്രീ. റെജി ജോസഫ് കോശി (67 വയസ്സ്) ഫെബ്രുവരി 8-ന് കോട്ടയത്ത് വെച്ച് നിര്യാതനായി. ശവസംസ്കാര ശുശ്രൂഷ ഫെബ്രുവരി 10-ന് നടത്തപ്പെട്ടു.



3. കണിയാന്തറ പെരുമ്പ്ലത്ത് തെക്കേതിൽ ശ്രീ. കെ. പി. ജോർജ്ജ് (78 വയസ്സ്) ഫെബ്രുവരി 11-ന് നിര്യാതനായി. സംസ്കാര ശുശ്രൂഷ ഫെബ്രുവരി 12-ന് നടത്തപ്പെട്ടു.



4. ചെറിയനാട് മാമ്പ്ര പടിപ്പുരയ്ക്കൽ ശ്രീമതി ചിന്നമ്മ വർക്കി (95 വയസ്) ഫെബ്രുവരി 12-ന് നിര്യാതയായി. സംസ്കാര ശുശ്രൂഷ ഫെബ്രുവരി 13-ന് നടത്തപ്പെട്ടു.



5. അനുശോഭനം ശ്രീമതി ശോശാമ്മ കുര്യൻ (70 വയസ്) ഫെബ്രുവരി 17-ന് നിര്യാതയായി. ശവസംസ്കാര ശുശ്രൂഷ ഫെബ്രുവരി 19-ന് നടത്തപ്പെട്ടു.



6. ലൗഡേയിൽ (പെരുങ്കുഴി തെക്ക് വാലേത്ത്) ശ്രീ. പി.വി. ഉമ്മൻ (രാജു - 72 വയസ്) ഫെബ്രുവരി 24-ന് നിര്യാതനായി. ശവസംസ്കാര ശുശ്രൂഷ ഫെബ്രുവരി 27-ന് നടത്തപ്പെട്ടു.

സഭയ്ക്കും സമൂഹത്തിനും പരേതർ നൽകിയ സേവനങ്ങളെ നന്ദിയോടെ സ്മരിക്കുന്നു. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെ ദൈവം ആശ്വസിപ്പിക്കട്ടെയെന്നു പ്രാർത്ഥിക്കുകയും സഭയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

## 2021 മാർച്ച് മാസത്തെ പഞ്ചാംഗം

**14-03-2021** **നോമ്പിൽ 4-ാം ഞായർ**

"വിമോചനം നൽകുന്ന സത്യാരാധന"

പുറ. 3:11-18 സങ്കീ. 137

അപ്പൊ.പ്ര 16:25-34 ലൂക്കോ. 13:10-17

**21-03-2021** **നോമ്പിൽ 5-ാം ഞായർ**

കഷ്ടാനുഭവ ഞായർ

"കുരിശ്: മശിഹായുഗത്തിന്റെ നവദർശനം "

ആവ. 18:15-22 സങ്കീ. 73

2 കൊരി. 1:3-11 ലൂക്കോ. 18:35-43

**28-03-2021** **ഹോശന്നാ ഞായർ**

"ഹോശന്നാ: ദൈവാലയത്തിൽ പുതിയ രാജാവ് "

യെശ. 56:1-8 സങ്കീ. 24

1 കൊരി. 3:16-23 മത്താ. 21:1-17

**01-04-2021** **പെസഹാ വ്യാഴം**

"വിശുദ്ധ യൂക്കറിസ്റ്റ്: ഓർമ്മയുടെ ആഘോഷം"

പുറ. 12:1-17 സങ്കീ. 116

1 കൊരി. 11:23-34 മത്താ. 26:17-30

**02-04-2021** **വലിയ വെള്ളി**

"കുരിശ്: മരണത്തിന്മേൽ ജയം "

സംഖ്യ. 21:1-9 സങ്കീ. 22

1 കൊരി. 15:50-58 മത്താ. 27:1-26

**04-04-2021** **ഉയിർപ്പു ഞായർ**

"ഉയിർപ്പ്: രക്ഷയുടെ സന്തോഷം ആഘോഷിക്കുക

പുറ. 14:5-31 സങ്കീ. 118:14-29

കൊലൊ. 3:1-11 മത്താ. 28:1-10

**11-04-2021** **ഉയിർപ്പിനു പിമ്പ് 1-ാം ഞായർ**

"പുനരുത്ഥാനം ചെയ്ത കർത്താവുമായുള്ള അഭിമുഖം"

ഉല്പ. 32:22-32 സങ്കീ. 40

അപ്പൊ.പ്ര 9:1-18 യോഹ. 20:24-29

## 2021 മാർച്ച് മാസത്തെ പിറന്നാൾ ലിസ്റ്റ്

**01 – 03 – 2021 മുതൽ 07 – 03 – 2021 വരെ**

| | | |
|---|---|---|
| 01 | ചെറിയാൻ വർക്കി | പുതുപ്പുരയ്ക്കൽ തെക്ക് |
| | ജെറി സഖറിയ ഉമ്മൻ | തെങ്ങിൽ താഴത്ത് |
| | സിറിൽ തോമസ് | ചെങ്കൽ വടക്കേതിൽ |
| | ലിൻസാ എലിസബത്ത് റെനി | തുതിക്കാട്ട് ബംഗ്ലാവ് |
| 02 | മാത്യു തോമസ് | ബിജുവില്ല |
| | ജോസഫ് കുരുവിള | പ്ലാന്തറയിൽ |
| | സോനു മാത്യു | തുതിക്കാട്ട് മലയിൽ |
| 03 | സെറിൻ സാറാ ജോൺ | തുതിക്കാട്ട് മലയിൽ |
| | റെജിമോൻ ഡാനിയേൽ | പൂമാട്ടിൽ |
| | റെനി ജെ. ജോസഫ് | തുതിക്കാട്ട് ബംഗ്ലാവ് |
| | അലോനാ ആൻ അനുജ് | മാമ്പ്രത്തുണ്ടത്തിൽ അനുജ് കോട്ടേജ് |
| 04 | അനു സൂസൻ സത്യജിത് | തൂമ്പുങ്കൽ കൃപാഭവൻ |
| | റ്റീനാ തോമസ് | പെരുങ്കുഴി കൊച്ചുപറമ്പിൽ |
| | നോയൽ മാത്യു തോമസ് | പള്ളത്തുകിഴക്കതിൽ ഉഷസ് |
| | ബിജു കുര്യൻ | വടക്കാഞ്ചേരിൽ |
| | ഏബൽ സജി | കൊച്ചുകുഴിപറമ്പിൽ |
| | ജറോം ഉമ്മൻ ജയിംസ് | മണലേൽ ജോസിവില്ല |
| | മിട്ടു മോഹൻ റ്റെനി | പൂമൂട്ടിൽ |
| 05 | കോശി വർക്കി | മാമ്പ്രത്തുണ്ടത്തിൽ അനൂജ് കോട്ടേജ് |
| | ഗ്രേസി ഫിലിപ്പ് | ഗ്രേസ്മന്ദിരം |
| | സൂസൻ അലക്സ് | പ്ലാക്കോട്ട് ബംഗ്ലാവ് |
| | ചെറിയാൻ വർഗീസ് | പൂമൂട്ടിൽ |
| | വിൻ മാത്യു ജോൺ | ചേനത്ര |
| 06 | ലാറാ മറിയം വർഗീസ് | വരിയ്ക്കയിൽ |
| | പി.സി. നൈനാൻ | പൂവന്തറയിൽ |
| | എയ്ഞ്ചൽ ആൻ തോമസ് | പൂമൂട്ടിൽ കിഴക്കേതിൽ |
| 07 | ഏലിയാമ്മ ശമുവേൽ | നെടുവേലി മുരുപ്പേൽ |
| | തോമസ് പി. മാത്യു | പള്ളത്തു കിഴക്ക് ഉഷസ് |
| | മേരി ജോൺ | ലിഷാ ഭവൻ |
| | ആനി വർക്കി | മാമ്പ്രത്തുണ്ടത്തിൽ അനൂജ് കോട്ടേജ് |
| | ജീഹാൻ സാം തോമസ് | പള്ളത്ത് കിഴക്കേതിൽ |

**08 – 03 – 2021 മുതൽ 14 – 03 – 2021 വരെ**

| | | |
|---|---|---|
| 08 | സുജാതാ മാത്യു | പുതുപ്പള്ളിതെക്കേതിൽ കുടുംബം |
| | ഏബൽ മാത്യു | തെങ്ങിൽ ബംഗ്ലാവ് |
| | എം. വി. മാത്യു | മങ്ങാട്ട് ജ്യോതിവില്ല |
| | അബിയ മറിയം ജോൺ | കുഴിപ്പറമ്പിൽ കിഴക്കേതിൽ |
| 09 | ശാമുവേൽ | ആലുനിൽക്കുന്നതിൽ |
| | ക്രിസ്റ്റി മാത്യു ജിജു | മങ്ങാട്ട് പേൾ ഹൗസ് |
| | അന്നമ്മ ചെറിയാൻ | പുതുപ്പുരയ്ക്കൽ തെക്കേതിൽ |
| | അഡോൺ കെ. ലിബു | കുഴിയമ്പുറത്ത് മലയിൽ |
| 10 | സോജി ഏബ്രഹാം | പടിപ്പുരയ്ക്കൽ പടീറ്റതിൽ |
| | ആൽവിൻ ഫിലിപ്പ് സുജിത്ത് | കടയ്ക്കൽ കിഴക്കേതിൽ മലയിൽ |
| 11 | ശമുവേൽ പോത്തൻ | കോട്ടാത്തറയിൽ |
| | ശോശാമ്മ കോശി | വടക്കാഞ്ചേരിൽ |
| | ഷിബു നൈനാൻ | തെങ്ങിൽ മലയിൽ |
| | എലിസബേത്ത് അലക്സ് | തൂമ്പുങ്കൽ കൃപാഭവൻ |
| | അന്നമ്മ മാത്യു | പി.ആർ.വി. ഗാർഡൻസ് |
| | റോജിൻ ജേക്കബ് | മുളവന |
| | എലീനാ സൂസൻ നൈനാൻ | പുതുശ്ശേരി മന്ദിരം |
| | അമൽ ചെറിയാൻ തോമസ് | പുതുശ്ശേരി മന്ദിരം |
| | രൂബൻ ദീപു ഉമ്മൻ | മണലേൽ |
| 12 | വി.വി. വർഗീസ് | വെള്ളാംചേരിൽ ബിൽഡിംഗ്സ് |
| | നൈനാൻ പി. ചെറിയാൻ | പുതുശ്ശേരി മന്ദിരം |
| | ആൻസി റ്റി. ഉമ്മൻ | തെറ്റിക്കുഴി പുത്തൻവീട് |
| | ഏലിയാമ്മ സാമുവേൽ | മേലേമഠം |
| 13 | ജെബി അബു മാത്യു | കൃപാലയം |
| | ജോയൽ വി. മാത്യൂസ് | പി.ആർ.വി. ഗാർഡൻസ് |
| | ജോർജ്ജ് തോമസ് | കണിയാന്തറ ഫീൽഡ് വ്യൂ |
| | ശോശാമ്മ വർഗീസ് | തേക്കുംമൂട്ടിൽ |
| | ജിനു തോമസ് ചാണ്ടി | ചേരിത്തുണ്ടിയിൽ നമ്പർ 4 |
| | ബീനാ മാത്യു | ആഞ്ഞിലിമൂട്ടിൽ ജോയിവില്ല |
| 14 | ജോജോ ചെറിയാൻ | കാട്ടൂർ |
| | ഷൈനി മാത്യു | വെള്ളാഞ്ചേരിൽ ബിൽഡിംഗ്സ് |

15 – 03 – 2021 മുതൽ 21 – 03 – 2021 വരെ

| | | |
|---|---|---|
| 15 | സൂസമ്മ ജോൺ | തുതിക്കാട്ട് എസ്. ഡേയിൽ |
| | റീനാ മറിയം ജെറി | കുഴിമ്പുറത്ത് ജെറിവില്ല |
| | അൻജലാ ലീലു ജേക്കബ് | വെട്ടിവടക്കതിൽ പുത്തൻവീട് |
| | ശോശാമ്മ ജോൺ | തെങ്ങുവിളയിൽ ബെൻസൻ ഭവൻ |
| | ജെസ്വിൻ വി. ഷൈജു | കുഴിയമ്പുറത്തുമലയിൽ |
| | ജെൻസി തോമസ് ഡിക്ലാസ് | താഴെമുട്ടത്ത് ഗ്രേസ്കോട്ടേജ് |
| | മോളി വർഗ്ഗീസ് | പാലനിൽക്കുന്നതിൽ |
| 16 | ഉമ്മൻ കുരുവിള | തെങ്ങിൽ മൈത്തറയിൽ |
| | കുര്യൻ യോഹന്നാൻ | പടിപുരയ്ക്കൽ കിഴക്ക് |
| | വർഗീസ് ചെറിയാൻ | പൂമൂട്ടിൽ |
| | ജൂലിയൻ ജോയ് ജേക്കബ് | പള്ളത്ത് കിഴക്കേതിൽ |
| | ആൻഡ്രിയ ഗ്രേസ് അനീഷ് | പൂവന്തറയിൽ ഗ്രേസ്വില്ല |
| | ലിൻസി ഇടിക്കുള | താഴെമുട്ടത്തു പുത്തൻവീട് |
| | അന്നമ്മ തോമസ് | പടിപുരയ്ക്കൽ |
| | ലാലി ബേബിക്കുട്ടി ഉമ്മൻ | കുരുമ്പോലിതെക്ക് നമ്പർ 2 |
| 17 | ഫേബാ മേരി ജോസഫ് | പാലേകണ്ടത്തിൽ |
| | അലക്സാണ്ടർ വർഗീസ് | വരിയ്ക്കൽ |
| | ധന്യാ എസ്. ബാബു | പൂവന്തറ ഗ്രേസ്വില്ല |
| | ജോനാസ് കുര്യൻ ജോൺ | കടവനാൽതറയിൽ വില്ല |
| 18 | നേഹ ആൻ ജോൺ | ആര്യാട്ട് ഗ്രേസ്ഭവൻ |
| | സാന്ദ്ര റേയിച്ചൽ സുനിൽ | കുഴിമ്പുറത്തു മലയിൽ |
| | അലിനാ അനീഷ് | പെരുങ്കുഴി കിഴക്കേക്കര |
| | മനിലാ മാത്യു | പെരുങ്കുഴി തെക്കേ വാലേത്ത് |
| | റെജി കുരുവിള | കുറ്റിക്കൽ |
| 19 | റവ. ശമുവേൽ ഉമ്മൻ | തെറ്റിക്കുഴി തെക്ക് |
| | എലിസബേത്ത് വർഗീസ് | പെരുങ്കുഴി പുത്തൻപറമ്പിൽ |
| | ഹെന്നാ ആൻ സാജൻ | തെറ്റിക്കുഴി തെക്കേതിൽ |
| | അന്നാ മറിയം സാജൻ | തെറ്റിക്കുഴി തെക്കേതിൽ |
| | തോമസ് ചാണ്ടി | കൊല്ലന്റെ വടക്ക് |
| | ലിന്റു ജീവൻ | കാഞ്ഞിരയ്ക്കൽ വടക്കേൽ |
| 20 | ജിബു യോഹന്നാൻ | പടിപ്പുരയ്ക്കൽ |
| | അമ്മിണി ജോർജ്ജ് | കിടായ്ക്കുഴിയിൽ |

| | | |
|---|---|---|
| | മാത്യു ജോർജ്ജ് | ആഞ്ഞിലിവിളയിൽ ജെ. ആർ. എച്ച്. വില്ല |
| 21 | ഷെറിൻ വർക്കി | പടിപ്പുരയ്ക്കൽ ഷെറിൻവില്ല |
| | അശ്വതി സൂസൻ മാത്യു | തുതിക്കാട്ട് മലയിൽ |
| | എഡ്വിൻ ഷിബു ജോർജ്ജ് | ആശാരിയേത്ത് |

**22 – 03 – 2021 മുതൽ 28 – 03 – 2021 വരെ**

| | | |
|---|---|---|
| 22. | അനില എ. ഏബ്രഹാം | പുതിയിടത്ത് |
| | ആൻസിയ മറിയം ജോൺ | കുഴിപ്പറമ്പിൽ കിഴക്കേതിൽ |
| 23 | കെ.പി.ഫിലിപ്പ് | കടയ്ക്കൽ കിഴക്ക് മലയിൽ |
| | കുരുവിള തോമസ് | പണിക്കരോടത്ത് |
| | സോണി ബിജി ഫിലിപ്പ് | തൂമ്പുക്കൽ പീസ്സ് വില്ല |
| | ജെസ്ന ജിനു പി. | പടിപ്പുരയ്ക്കൽ |
| 24 | റവ. ജേക്കബ് കെ. ഇടിക്കുള | കുഴിപറമ്പിൽ |
| | ജിസു മാത്യൂസ് | മങ്ങാട്ട് ജ്യോതിവില്ല |
| | മോളമ്മ ഷാജി | ആഞ്ഞിലിക്കാട്ട് |
| | ആരോൺ മാത്യു ജോർജ്ജ് | തേക്കുംമൂട്ടിൽ |
| 25 | ജെറിൻ റ്റി. ജോസ് | തയ്യിൽ പുത്തൻവീട് |
| | സാറാമ്മ ബിജു തോമസ് | കിഴക്കിടത്ത് |
| | ശാലു മേരി. എസ്. ചെറിയാൻ | കോട്ടാത്തറയിൽ പ്രയിസ്‌വില്ല |
| | ജോൺ ഫലിപ്പ് | ചിറയിൽ പറമ്പ് |
| 26 | ജ്യോതി ഷിബു | ആശാരിയേത്ത് |
| | ഹർഷാ അന്നാ ജോൺ | കാർത്തികപ്പള്ളിപ്പീടികയിൽ |
| 28 | പി.എൻ. ചെറിയാൻ | പുതുശ്ശേരി മന്ദിരം |
| | ഫിലിപ്പ് നൈനാൻ | ഓണമ്പള്ളിൽ |
| | ഏബ്രഹാം കുര്യൻ | വടക്കാച്ചേരിൽ |
| | റ്റി.എം. മാത്യു | തുതിക്കാട്ട് മലയിൽ |
| | അങ്കീതാ മറിയം തോമസ് | മങ്ങാട്ട് ബേബി ഗാർഡൻസ് |
| | ബിജി വർഗീസ് | ആണ്ടിയത്ത് മലയിൽ |
| | ഏബൻ സാക് ജേക്കബ് | താഴമുട്ടത്ത് |

**29 – 03 – 2021 മുതൽ 04 – 04 – 2021 വരെ**

| | | |
|---|---|---|
| 29 | അനു നൈനാൻ | ആഞ്ഞിലിമൂട്ടിൽ |
| | ആഞ്ചലിൻ എൽസാ ഷിബു | ആശാരിയേത്ത് |
| | മറിയാമ്മ മനോ | വലിയതറയിൽ |
| | ക്രിസെൽഡ നൈനാൻ | പല്ലോന്നിപറമ്പിൽ സുമൻവില്ല |

| | | |
|---|---|---|
| 30 | ഇട്ടി വർഗീസ് | കുഴിയമ്പുറത്തു മലയിൽ |
| 31 | ചെറിയാൻ മാത്യു | ചേനത്രയിൽ |
| | മാത്യൂസ് നൈനാൻ | തെങ്ങിൽ |
| | ജിനു റ്റി. ജോർജ്ജ് | പൂമൂട്ടിൽ വട്ടപറമ്പിൽ |
| | അബിയ ഗ്രേസ് ബിനോദ് | മണലേൽവീട്ടിൽ പുത്തൻവീട് |
| 01 | റിൻസി അന്നമ്മ മാത്യു | മയൂത്ര മലയിൽ റിജുവില്ല |
| | സ്നിതാ മെറിൻ ജേക്കബ് | വെട്ടിവടക്കേതിൽ സജിവില്ല |
| | ലിജി പി. സാം. | മേലേമഠം |
| | ഈഥൻ ചാണ്ടി ഫിലിപ്പ് | കടവിനാൽത്തറയിൽ |
| 02 | എം.ഒ. മത്തായി | കൊല്ലന്റയ്യത്ത് ജിബു ബാബു ഭവനം |
| | എൽമ എലിസബത്ത് നൈനാൻ | പുതുശ്ശേരി മന്ദിരം |
| | മെൽവിൻ എം. വർഗീസ് | മാമ്പ്രത്തുണ്ടത്തിൽ |
| | ഉമ്മൻ ചാക്കോ | കണ്ടത്തിൽ കണിയാരേത്ത് |
| | കെ.ഇ. ഷൈനു | കുഴിയംപുറത്ത് മലയിൽ |
| | ജൂലിയാൻ മേരി ഫിലിപ്പ് | ചേരിത്തുണ്ടിയിൽ |
| | എയ്മി റോസ് ക്രിസ്റ്റി | പെരുങ്കുഴി ക്രിസ്റ്റി വില്ല |
| 03 | സാറാമ്മ ബഞ്ചമിൻ | ആര്യാട്ട് ഗ്രേസ്‌വില്ല |
| 04 | എ. ജെ. കുര്യൻ | ആശാരിയേത്ത് ഗ്രേസ്‌വില്ല |
| | അന്നമ്മ ജോൺ | ചേരിവടക്ക് |
| | ജോൺ വർഗീസ് | ചെങ്കൽ പുത്തൻവീട് |
| | ജെൻസി ജേക്കബ് | മുളവന |
| | ജിൻസി മത്തായി | കൊല്ലന്റയത്ത് ജിബിൻ ബാബുഭവനം |
| | നേഥൻ ഏബ്രഹാം ഉമ്മൻ | തെങ്ങിൽഭവൻ |
| | ജോയമ്മ ഫിലിപ്പോസ് | പടിപ്പുരയ്ക്കൽ |
| | ആശ മറിയം തോമസ് | വിനോദ്‌വില്ല |

ഈ പ്രീയപ്പെട്ടവർക്ക് സഭയുടെ പിറന്നാൾ ആശംസകൾ

## 2021 മാർച്ച് – വിവാഹ വാർഷിക ലിസ്റ്റ്

**01 – 03 – 2021 മുതൽ 07 – 03 – 2021 വരെ**

| | | | |
|---|---|---|---|
| 01 | മിസസ്സ് & മിസ്റ്റർ | ജോസഫ് ജോർജ്ജ് | കുളഞ്ഞിതെക്കേതിൽ |
| 02 | മിസസ്സ് & മിസ്റ്റർ | എ.ഒ. മത്തായി | കൊല്ലന്റയ്യത്ത് ജിബിൻ ബാബുഭവൻ |
| 02 | മിസസ്സ് & മിസ്റ്റർ | വർഗീസ് ചെറിയാൻ | കാട്ടൂർ അനിൽ കോട്ടേജ് |
| 06 | മിസസ്സ് & റവ.ബിനു റ്റി. ജോൺ | | താഴെമുട്ടത്തു പുത്തൻവീട് |

**08 – 03 – 2021 മുതൽ 14 – 03 – 2021 വരെ**

| | | | |
|---|---|---|---|
| 08 | മിസസ്സ് & മിസ്റ്റർ | അരുൺ വി. ജോസഫ് | പള്ളത്ത് ന്യൂ വില്ല |
| 11 | മിസസ്സ് & മിസ്റ്റർ | സോജൻ വർഗീസ് | തകിടിയിൽ |
| 13 | മിസസ്സ് & മിസ്റ്റർ | ഷൈനു നൈനാൻ | തെങ്ങിൽ മലയിൽ |

**15 – 03 – 2021 മുതൽ 21 – 03 – 2021 വരെ**

| | | | |
|---|---|---|---|
| 15 | മിസസ്സ് & മിസ്റ്റർ | സാജൻ കോശി | ചേനത്ര മോടിവടക്കേതിൽ |
| 18 | മിസസ്സ് & മിസ്റ്റർ | സിജു വർഗീസ് ഡിക്ലാസ് | താഴെമുട്ടത്ത് ഗ്രേസ്കോട്ടേജ് |
| 18 | മിസസ്സ് & മിസ്റ്റർ | ഷൈവി റ്റി. വർഗീസ് | ചെങ്കൽ വടക്ക് |
| 20 | മിസസ്സ് & മിസ്റ്റർ | ജോൺ വർഗീസ് | പെരുംകുഴിപുത്തൻപറമ്പിൽ |
| 21 | മിസസ്സ് & മിസ്റ്റർ | ഈശോ വർഗീസ് | തെറ്റിക്കുഴിയിൽ |
| | മിസസ്സ് & മിസ്റ്റർ | നൈനാൻ ജോൺ | പിരളച്ചിത്ര പ്രീതിഭവൻ |

**22 – 03 – 2021 മുതൽ 28 – 03 – 2021 വരെ**

| | | | |
|---|---|---|---|
| 22 | മിസസ്സ് & മിസ്റ്റർ | ജോസഫ് കെ.മാത്യു | കാഞ്ഞിരയ്ക്കൽ പള്ളത്ത് |

**29 – 03 – 2021 മുതൽ 04 – 04 – 2021 വരെ**

| | | | |
|---|---|---|---|
| 29 | മിസസ്സ് & മിസ്റ്റർ | ജോൺ ഫിലിപ്പ് | ചെങ്കൽ |
| | മിസസ്സ് & മിസ്റ്റർ | ലിബു ഉമ്മൻ ജോൺ | മണലേൽ വീട്ടിൽ |
| 30 | മിസസ്സ് & മിസ്റ്റർ | തോമസ് മാത്യു | കാഞ്ഞിരയ്ക്കൽ പള്ളത്ത് |
| 02 | മിസസ്സ് & മിസ്റ്റർ | തോമസ് ഉമ്മൻ | കുമ്മപ്പുഴ ബിജുഭവൻ |
| 03 | മിസസ്സ് & മിസ്റ്റർ | ഇട്ടി ചെറിയാൻ | പൂമൂട്ടിൽ |
| | മിസസ്സ് & മിസ്റ്റർ | റ്റി. മാത്യു | തയ്യിൽ വടക്കേതിൽ |
| 04 | മിസസ്സ് & മിസ്റ്റർ | ചെറിയാൻ തോമസ് | കുമ്മമ്പുഴ ചരുവിൽ |

*ഈ കുടുംബാംഗങ്ങൾക്ക് സഭയുടെ ആശംസകൾ*

# CSI Madhya Kerala Diocese
## Monthly Abstract for the Month of January 2021

| Income | Receipts | Cumulative | Expense | Payments | Cumulative |
|---|---|---|---|---|---|
| Opening Balance - Cash | 11662 | 22149 | Agriculture | 2280 | 37979 |
| Bank | 482149 | 616768 | Audit Fee | | 23800 |
| Agriculture | 5900 | 17450 | Central Fund | 100000 | 324037 |
| Charity | | 56162 | Charity | 16500 | 199000 |
| Birthday | 25080 | 171632 | Electricity | | 62494 |
| Cemetery Charges | 12000 | 102000 | Cemetery (Diocese) | | 5000 |
| Cetificate & Banns fee | 800 | 2400 | Harvest Festival | | 5285 |
| TD Interest | 7235 | 72123 | Vicar Salary | 21000 | 181965 |
| Handful of rice | 1420 | 11090 | Honorarium/Other Salary | 2500 | 4500 |
| School Bus | | 23000 | Local Allowance | 5000 | 45000 |
| Harvest Festival | 38820 | 581222 | Maintenance | 4192 | 149637 |
| Marriage Donations | 31000 | 75000 | Miscellaneous - Anex 1 | 16520 | 92065 |
| Miscellaneous - Anex 1 | 1500 | 25600 | Other Expenses - Annex 2 | 5272 | 184833 |
| Offertory | 40470 | 162280 | Printing £ Stationary | 16481 | 49071 |
| Other Income - Annex 2 | 43591 | 260842 | Sexton | 19000 | 228000 |
| Rent | 1500 | 15000 | Telephone/Internet | 1287 | 33781 |
| S.B. Interest | | 17569 | School Bus | | 26840 |
| Subscription | 14588 | 122806 | Convention | 3450 | 3450 |
| Thanks Giving | 23420 | 83623 | Donations (Special Purpose) | 33000 | 110005 |
| Tithe | 52361 | 535521 | Endowment & Interest | | 12000 |
| Video (Marriage Fund) | 9000 | 27000 | Loan | | 350000 |
| Wedding Anniversary | 14250 | 55645 | Organisations - Anex 4 | 12280 | 255058 |
| Donations (Spe. Purpose) Anex 3 | 2000 | 65010 | Church Maintenance | 13000 | 130000 |
| Endowment & Interest | | 12000 | Bank Charges | 7 | 67 |
| Loan | | 350000 | Farewell/Welcome | | 80800 |
| Organisations - Anex 4 | 8900 | 104406 | Parish Hall | 9300 | 577154 |
| Project Approved by Diocese | | 96500 | Parish Hall Refund | 13000 | 78000 |
| Parish Hall | 31000 | 132600 | Security Refund | 18000 | 45000 |
| Parish Hall Security | | 24000 | **Total** | **312069** | **3294821** |
| | 364835 | | | | **3841398** |
| **Total** | **858646** | **3841398** | Balance - Cash | 5435 | |
| | | | Balance - Bank | 541142 | |

# കമ്മിറ്റി അംഗങ്ങളുടെ പ്രതിഷ്ഠാ ശുശ്രൂഷ



# ഗായകസംഘ റിട്രീറ്റ്











